**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3857** **09-10-2025 - ൽ മറുപടിയ്ക്ക്**

**കെ. എസ്. ആർ. ടി. സി. യുടെ ഗ്രാമവണ്ടി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ. എസ്. ആർ. ടി. സി. യുടെ ഗ്രാമവണ്ടി പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | 2022 ൽ കെ.എസ്.ആർ.ടി.സി. നടപ്പിലാക്കിയിട്ടുള്ള ഗ്രാമവണ്ടി പദ്ധതി ഇപ്പോഴും തുടർന്ന് വരുന്നു. സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കിയിട്ടുള്ളതാണ് ഗ്രാമവണ്ടി പദ്ധതി. തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിൽ ഓടുന്ന ബസ്സുകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് / സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി സ.ഉ.(സാധാ) നം.704/2022/LSGD, തീയതി 22.03.2022 പ്രകാരം ഉത്തരവ് നൽകിയിട്ടുള്ളതാണ്. ഗ്രാമവണ്ടി പദ്ധതിക്ക് വരുമാനത്തിനായി പഞ്ചായത്തുകൾക്ക് സ്പോൺസർഷിപ്പ് / സംഭാവന മുഖാന്തരം തുക സ്വരൂപിക്കുന്നതിന് യഥേഷ്ടാനുമതി സർക്കാർ നൽകിയിട്ടുണ്ട്. നിലവിൽ സംസ്ഥാനാടിസ്ഥാനത്തിൽ വിവിധ യൂണിറ്റുകളിലായി 29 സർവീസുകൾ തുടർന്നുവരുന്നു. |
| (ബി) | ലാഭകരമായി ഓടാൻ കഴിയുന്ന ഗ്രാമവണ്ടി റൂട്ടുകളിൽ ഡീസൽ തുക പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനം നൽകണം എന്ന നിബന്ധനയിൽ മാറ്റം വരുത്താൻ കഴിയുമോ; വിശദമാക്കാമോ; | (ബി) | സ.ഉ.(സാധാ) നം. 704/2022/LSGD, തീയതി 22.03.2022 ഉത്തരവ് പ്രകാരം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയിലെ വ്യവസ്ഥകളിൽ നിലവിൽ മാറ്റം കൊണ്ടുവരുത്തുന്ന കാര്യം നിലവിലില്ല. |
| (സി) | ഗ്രാമവണ്ടി പദ്ധതിയിൽ കെ. എസ്. ആർ. ടി. സി. ക്ക് നഷ്ടമില്ലാതെ ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് യാത്രക്കാർക്ക് ഏറെ പ്രയോജനം ചെയ്യുന്ന ഗ്രാമീണ റൂട്ടുകൾ ആരംഭിക്കാൻ തയ്യാറാവുമോ; വിശദമാക്കാമോ? | (സി) | സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമവണ്ടി സർവീസുകൾ വ്യാപകമായി നടത്തുന്നതിന് കെ.എസ്.ആർ.ടി.സി. സന്നദ്ധമാണ്. ഗ്രാമീണ റൂട്ടുകളിലെ യാത്രക്കാരുടെ സൗകര്യാർത്ഥം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യകത പരിഗണിച്ച് അധിക ട്രിപ്പുകളും / സർവീസുകളും ക്രമീകരിച്ച് നൽകുന്നതിന് എല്ലാ യൂണിറ്റ് ഓഫീസർമാർക്കും ചുമതല നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ